**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3228** **13-07-2022 - ൽ മറുപടിയ്ക്ക്**

**അന്യ സംസ്ഥാന തൊഴിലാളികളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ വിവിധ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന അന്യ സംസ്ഥാന തൊഴിലാളികളുടെ കൃത്യമായ കണക്ക് ലഭ്യമാണോ ;എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | ഇതര സംസ്ഥാന തൊഴിലാളികൾ സ്ഥിരമായി ഒരു ജില്ലയിൽ തന്നെ ജോലി എടുക്കാത്തതിനാൽ കൃത്യമായ കണക്ക് ലഭ്യമാകുന്നതല്ല. തൊഴിൽ വകുപ്പ് മുഖേന അതിഥി തൊഴിലാളികൾക്കായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ആവാസ് പോർട്ടൽ മുഖേന നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള അതിഥി തൊഴിലാളികളുടെ എണ്ണം 516319 (അഞ്ച് ലക്ഷത്തി പതിനാറായിരത്തി മുന്നൂറ്റി പത്തൊൻപത്) ആണ്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇവരുടെ രജിസ്ട്രേഷൻ നടപടികൾ യഥാസമയം നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കാനും, അനധികൃതമായി ഇവിടെ കഴിയുന്നവരെ തിരിച്ചറിയാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ബി) | പോലീസ് സ്റ്റേഷൻ പരിധിയിലുള്ള തൊഴിൽ സ്ഥാപന ഉടമകൾക്കും മറ്റും നൽകിയിട്ടുള്ള നിർദ്ദേശ പ്രകാരം തൊഴിലുടമകൾ, അവരുടെ കീഴിൽ ജോലി ചെയ്തുവരുന്ന ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ചുള്ള വിവരങ്ങൾ (തൊഴിലുടമയുടെയും തൊഴിൽ സ്ഥാപനത്തിന്റെയും പേരും വിലാസവും, ഇതര സംസ്ഥാന തൊഴിലാളിയുടെ പേരും വിലാസവും, ഫോട്ടോ, ഒപ്പ്, എന്നു മുതൽ ജോലി ചെയ്തു വരുന്നു തുടങ്ങിയ കാര്യങ്ങൾ) അതാത് പോലീസ് സ്റ്റേഷനുകളിൽ നൽകി വരുന്നതും ടി വിവരങ്ങൾ രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും ടി ഇതര സംസ്ഥാന തൊഴിലാളികളുടെ ഐഡന്റിറ്റി കാർഡ് പരിശോധന നടത്തി വരികയും ചെയ്തുവരുന്നു. വിവരങ്ങൾ ഗസ്റ്റ് ലേബർ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. സംസ്ഥാനത്തേയ്ക്ക് പുതുതായി എത്തിച്ചേരുന്ന അതിഥി തൊഴിലാളികളെ ഫെസിലിറ്റേഷൻ സെന്റർ മുഖേന രജിസ്റ്റർ ചെയ്യിക്കുന്നതിന് കോൺട്രാക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 5-ൽ അധികം തൊഴിലാളികളെ ഉപയോഗിച്ച് ജോലി എടുപ്പിക്കുന്ന എല്ലാ കോൺട്രാക്ടർമാരും, തൊഴിലുടമകളും ഇതരസംസ്ഥാന തൊഴിലാളികളെ നിയമപ്രകാരം |

| | | | |
|---|---|---|---|
| | | | രജിസ്ട്രേഷൻ/ ലൈസൻസ് എടുക്കുന്നതിനുള്ള കർശ്ശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതോടൊപ്പം തൊഴിൽ വകുപ്പ് മുഖേന നടത്തിവരുന്ന ആവാസ് രജിസ്ട്രേഷൻ, മെഡിക്കൽ ക്യാമ്പ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ "Guest App", അതിഥി പോർട്ടൽ എന്നീ പദ്ധതികൾ പ്രകാരവും പുതുതായി എത്തിച്ചേരുന്ന അതിഥി തൊഴിലാളികളെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | ജില്ല | രജിസ്റ്റർ ചെയ്ത അതിഥി തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 63787 |
| 2. | കൊല്ലം | 24946 |
| 3. | പത്തനംതിട്ട | 24119 |
| 4. | ആലപ്പുഴ | 36927 |
| 5. | കോട്ടയം | 34251 |
| 6. | ഇടുക്കി | 19587 |
| 7. | എറണാകുളം | 115053 |
| 8. | തൃശ്ശൂർ | 41900 |
| 9. | പാലക്കാട് | 24694 |
| 10. | മലപ്പുറം | 29856 |
| 11. | കോഴിക്കോട് | 44628 |
| 12. | വയനാട് | 11839 |
| 13. | കണ്ണൂർ | 28874 |
| 14. | കാസറഗോഡ് | 15858 |
| | **ആകെ** | **516319** |

സെക്ഷൻ ഓഫീസർ.